**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2902

18.06.2018- ൽ മറുപടിയ്ക്ക്

**വനഭൂമിയ്ക്ക് പട്ടയം**

ചോദ്യം
ശ്രീ.മഞ്ഞളാംകുഴി അലി

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ആവശ്യമുള്ള എത്ര ഏക്കർ ഭൂമി ഉള്ളതായാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്;

എ) 01.01.1977 ന് മുൻപ് വനഭൂമിയിൽ കുടിയേറിയവർക്ക് പട്ടയം നൽകുന്നതിലേയ്ക്കായി സംയുക്ത പരിശോധന പൂർത്തിയാക്കിയ 17358.4689 ഏക്കർ വനഭൂമിയ്ക്ക് കേന്ദ്രാനുമതി ലഭിക്കാനുണ്ട്. ഇതിൽ ഇടുക്കി ജില്ലയിലെ കണക്കുകൾ ഉൾപ്പെട്ടിട്ടില്ല. ഇടുക്കി ജില്ലയിൽ ഇനിയും കേന്ദ്രാനുമതി ലഭിക്കേണ്ട ഭൂമി സംബന്ധിച്ച് റവന്യൂ വനം വകുപ്പുകൾ സംയുക്ത സർവ്വെ നടത്തിയാൽ മാത്രമേ കൃത്യമായ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(ബി) വനഭൂമിയ്ക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ എന്തെങ്കിലും തടസ്സങ്ങളോ താക്കീതോ സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിനും കേന്ദ്രസർക്കാരിൽ നിന്നും അനുമതി നേടിയെടുക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ബി) കേന്ദ്ര സർക്കാരിന്റെ 18.09.1990 ലെ 13-1/90 എഫ്.പി.ഐ നമ്പർ കത്ത് പ്രകാരം ജില്ലകളിൽ നിന്നും വിശദാംശങ്ങൾ ചേർത്ത് സംസ്ഥാനത്ത് നിന്നും ഒറ്റ പ്രൊപ്പോസലായാണ് കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്ക് സമർപ്പിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

Indu S.S.
**സെക്ഷൻ ഓഫീസർ**